# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1730

05-12-2014 ൽ മറുപടിയ്ക്ക്

## നെൽകർഷകരുടെ പ്രശ്നങ്ങൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | നെൽകർഷകരിൽ നിന്നും സംഭരിയ്ക്കുന്ന നെല്ലിന് യഥാസമയം വിലനൽകാൻ കഴിയാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നെല്ലിന്റെ സംഭരണ വില നൽകുന്നത് സപ്ലൈകോയാണ്. കേന്ദ്ര സർക്കാരിൽ നിന്നും സബ്സിഡി ലഭിക്കുന്നതിന് കാലതാമസം ഉണ്ടായ അവസരങ്ങളിൽ നെല്ലിന്റെ വില നൽകുന്നതിൽ താമസം ഉണ്ടായിട്ടുണ്ട്. ഈ സീസണിൽ (2014-15 ഒന്നാം സീസൺ) സംഭരിച്ച നെല്ലിന്റെ വില യഥാസമയം കർഷകർക്ക് നൽകിവരുന്നുണ്ട്. |
| (ബി) | കേന്ദ്ര സബ്സിഡി യഥാസമയം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | കേന്ദ്ര സബ്സിഡി യഥാസമയം ലഭിക്കുന്നതിനായി കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് കുത്തി അരിയാക്കി പൊതു വിതരണ സമ്പ്രദായം വഴി വിതരണം ചെയ്തതിന്റെ വിവരങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതോടെയാണ് കേന്ദ്രസബ്സിഡി അനുവദിക്കുന്നത്. |
| (സി) | ഇത്തരം കർഷകർക്ക്, സംഭരിയ്ക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാൻ കഴിയാത്തതു കാരണം വായ്പാ തിരിച്ചടവ് യഥാസമയം നടത്താൻ കഴിയുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) യും (ഡി) യും | ഈ സീസണിൽ സംഭരിച്ച നെല്ലിന്റെ വില സപ്ലൈകോ യഥാസമയം നൽകി വരുന്നുണ്ട്. |
| (ഡി) | പ്രസ്തുത കർഷകർക്ക് വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ